**ഓം ശ്രീ സായിരാം**

# സായീ വിവേകമുത്തുകൾ

**പ്രഫസർ അനിൽകുമാർ – പ്രതിവാര പോഡ്കാസ്റ്റ് – ഓഡിയോ ഡിവിഷൻ** 10D

## (46:25) "എല്ലായിടവും ഈശ്വരത്വം മാത്രം"

ഭഗവാൻ മറ്റൊരവസരത്തിൽ അരുളിയ ചില പരാമർശങ്ങൾ ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാനായി ആഗ്രഹിക്കുകയാണ്.

ഈശ്വരൻ മാത്രമേയുള്ളൂ, മറ്റൊന്നുമില്ല എന്നു പറഞ്ഞാണ് ഭഗവാൻ ആരംഭിച്ചത്. എല്ലായിടത്തും ഈശ്വരത്വം മാത്രം, മറ്റൊന്നുമില്ല-എല്ലാം അവിടുത്തെതന്നെ പ്രതിഫലനം.




അപ്പോൾ ഞാനൊരു ചോദ്യം ചോദിച്ചു, "സ്വാമീ, ഞാൻ എന്തുകൊണ്ടാണ് അതനുഭവിക്കാത്തത്? ഈശ്വരത്വം എല്ലായിടത്തും ഉണ്ട്, മറ്റൊന്നുമില്ല എങ്കിൽ, എന്തുകൊണ്ട് എനിക്കത് അനുഭവത്തിൽ വരുന്നില്ല?"

അപ്പോൾ സ്വാമി പറഞ്ഞു, "നിങ്ങളുടെ ശരീരത്തോടുള്ള മമതയാണ് നിങ്ങളുടെ അജ്ഞതയ്ക്കും നിങ്ങളുടെ ഉണ്മ തിരിച്ചറിയുന്നതിനുള്ള കഴിവില്ലായ്മയ്ക്കും കാരണം."

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, എന്നോട് ക്ഷമിച്ചാലും. ഈ ഗ്ലാസ്സും ഈ പേനയും അചേതനമാണ്, അവയ്ക്ക് താത്പര്യങ്ങളില്ല. എനിക്ക് ചില ഇഷ്ടങ്ങളുണ്ട്. എനിക്ക് നല്ല ചൂടൻ, എരിവുള്ള, അച്ചാറ് ഇഷ്ടമാണ്. എന്നിട്ടും അവിടുന്ന് അരുളുന്നു എല്ലാം ഈശ്വരീയമാണെന്ന്. അപ്പോൾ, ഞാനും ആ പേനയും തമ്മിലുള്ള വ്യത്യാസമെന്താണ്?"

സ്വാമി പറഞ്ഞു, ''അത് മനസ്സാണ്. നിന്റെ മനസ്സ് ഇഷ്ടങ്ങളെ എതിരേൽക്കുന്നു, എന്നാൽ നിന്റെ ആത്മാവിന് ഇഷ്ടാനിഷ്ടങ്ങളൊന്നുമില്ല. വാസ്തവത്തിൽ, ഒന്നുകിൽ നിനക്ക് ഈ ഗ്ലാസ്സ് ഇഷ്ടമാണ്, അല്ലെങ്കിൽ നിനക്ക് ഈ ഗ്ലാസ്സ് ഇഷ്ടമല്ല. നിന്റെ ഇഷ്ടാനിഷ്ടങ്ങൾ നിന്റേതു മാത്രമാണ്. ഗ്ലാസ്സിന് ഒരു മാറ്റവുമില്ല. ഇതേരീതിയിൽ, ഓരോന്നിലുമുള്ള ഈശ്വരത്വം ഒന്നുതന്നെ. എന്നിരുന്നാലും, നിന്റെ ഇഷ്ടാനിഷ്ടങ്ങൾ നിന്റെ മനസ്സിനെയും ശരീരത്തോടുള്ള നിന്റെ മമതയെയും ആശ്രയിച്ചിരിക്കുന്നു. അവയില്ലെങ്കിൽ, സമസ്ത പ്രപഞ്ചവും ഈശ്വരീയമാണ്, അത് ദ്വന്ദ്വാതീതവും മമതാരഹിതവുമാണ്.''

''സ്വാമീ, എല്ലാം അങ്ങനെയോ? എങ്കിൽ ഞാനെന്തുകൊണ്ട് എല്ലാറ്റിനെയും ഇഷ്ടപ്പെടുന്നില്ല?''

സ്വാമി പറഞ്ഞു, ''എല്ലാം രുചിക്കാത്തവിധം നിന്റെയുള്ളിൽ വല്ല കുഴപ്പങ്ങളുമുണ്ടാവും.''

കുഴപ്പങ്ങളോ? എനിക്കോ? (ചിരി) ''എന്ത് തകരാറുകളാണ് സ്വാമീ?''

അപ്പോൾ അവിടുന്ന് പറഞ്ഞു, ''ഒരു പ്രമേഹരോഗി മധുരം കഴിക്കാൻ പാടില്ല. പ്രമേഹരോഗി മധുരം കഴിക്കാൻ പാടില്ല എന്നതുകൊണ്ട് മധുരത്തിന് എന്തോ പ്രശ്നമുണ്ടെന്ന് അർത്ഥമില്ല. അത് പ്രമേഹരോഗിയുടെ ശരീരത്തിന്റെ കുഴപ്പമാണ്, മധുരത്തിന്റേതല്ല. നിങ്ങൾക്ക് മധുരത്തെ കുറ്റം പറയാനാവില്ല. പ്രമേഹരോഗിയുടെ കുഴപ്പത്തെമാത്രമേ നമുക്ക് കുറ്റം പറയാനാവൂ. ഇത് വ്യക്തമായോ? ഈശ്വരന്റെ വരദാനങ്ങൾ നിങ്ങൾക്ക് അനുഭവിക്കാനാവാത്തത് നിങ്ങളുടെ ഉള്ളിലെ തകരാറു കാരണമാണ്. നിങ്ങളുടെ ഉള്ളിലെ തകരാറുകൾ, എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന ദിവ്യത്വത്തെ അറിയുന്നതിനുള്ള നിങ്ങളുടെ കഴിവിനെ തടസ്സപ്പെടുത്തും.''

''അങ്ങനെയാണോ സ്വാമീ? എങ്കിൽ, എന്തിനാണ് നന്മയും തിന്മയും ഉള്ളത്? എല്ലാം ദിവ്യമല്ലേ? എങ്കിൽ, അവിടുന്ന് ചിലപ്പോളൊക്കെ പറയുന്നതെന്താണ്, 'ഇത് നല്ലതാണ് അത് ചീത്തയാണ്', 'അവൻ ഒരു നല്ല മനുഷ്യനാണോ, അവൾ നല്ല സ്ത്രീയാണോ' എന്നൊക്കെ? ഓരോന്നും ദിവ്യമാണെങ്കിൽ, എന്തിനിത്?''

അപ്പോൾ ഭഗവാൻ പറഞ്ഞു, ''നല്ലതെന്നും ചീത്തയെന്നും ഒന്നില്ല. പോസിറ്റീവും നെഗറ്റീവുമെന്നപോലെ അവ രണ്ടും ഒരുമിച്ചാണ് നിലകൊള്ളുന്നത്. നല്ലതും ചീത്തയും സമയത്തെ ആശ്രയിച്ചിരിക്കും. ഇപ്പോൾ നിങ്ങൾ കഴിക്കുന്ന ആഹാരം നല്ലതാണ്. എന്നാൽ, നാളെ നേരം വെളുക്കുമ്പോഴേക്കും അത് ചീത്തയാകും. അതുകൊണ്ട്, ഇപ്പോൾ നല്ലതേത്, ചീത്തയേത്? നാല് മണിക്കൂർ നേരമാണ് ഈ വ്യത്യാസമുണ്ടാക്കുന്നത്, അത്രമാത്രം.''(ചിരി)

''ഓ, ശരിതന്നെ സ്വാമീ. ഞാൻ സ്വയം തിരുത്തുന്നു.''

## "പ്രയോജനം എന്ത്?"

അപ്പോൾ ഞാൻ സ്വാമിയോട് പറഞ്ഞു, "എല്ലാം ദിവ്യമാണെന്നറിഞ്ഞിട്ട് എന്ത് പ്രയോജനം? എന്താണതുകൊണ്ട് നേട്ടം? ഓരോന്നും ദിവ്യമാണെന്ന് അറിയാതിരുന്നതുകൊണ്ട് എന്തു കുഴപ്പം? അതുകൊണ്ട് എന്തു നഷ്ടമാണ്?"

അപ്പോൾ അവിടുന്ന് പറഞ്ഞു, "അങ്ങനെയല്ല. എല്ലാം ദിവ്യമാണെന്ന് നിങ്ങൾ ഒരുവട്ടം അറിഞ്ഞാൽ, നിങ്ങൾക്ക് സമചിത്തത അഥവാ സമബുദ്ധി ഉണ്ടാവും. സമഭാവനയുണ്ടായാൽ നിങ്ങൾ അനുഗ്രഹീതരായി. ഭൂമിയിലൊന്നിനും നിങ്ങളെ ഇളക്കാനാവില്ല."



എന്നിട്ട് സ്വാമി സുന്ദരമായ ഒരുദാഹരണം പറഞ്ഞു. "ഒരു കുട്ടി ജനിക്കുമ്പോൾ നിങ്ങൾ സന്തോഷിക്കുകയും ചിരിക്കുകയും ചെയ്യും. പ്രായംചെന്ന ഒരാൾ മരിക്കുമ്പോൾ നിങ്ങൾ കരയും. ജനിക്കുമ്പോൾ കുഞ്ഞ് ഒരിക്കലും പറയാറില്ല, 'വരൂ, വരൂ, ഇപ്പോൾ ചിരിക്കൂ!' പ്രായം ചെന്ന മനുഷ്യൻ ഒരിക്കലും പറഞ്ഞിട്ടില്ല, 'ഞാൻ മരിക്കുമ്പോൾ കരയണേ!' അവരത് ഒരിക്കലും പറയാറില്ല. നിങ്ങൾക്ക് അവരോടുള്ള മമത മാത്രമാണ് നിങ്ങളെ ചിരിപ്പിക്കുകയോ കരയിക്കുകയോ ചെയ്യുന്നത്, മറ്റൊന്നുമല്ല. ഒന്നുംതന്നെ ആവശ്യപ്പെട്ടതല്ല. അതിനാൽ, നിങ്ങൾക്ക് സമഭാവം അഥവാ ബ്രഹ്മാനന്ദം ഇല്ലെങ്കിൽ, നിങ്ങൾക്ക് എല്ലായിടവും നിറഞ്ഞ, സർവവ്യാപിയായ പ്രജ്ഞാബോധം(consciousness) അഥവാ ദിവ്യബോധം ഇല്ലെങ്കിൽ, എന്തോ കുറവ് ഉണ്ടാവുന്നുണ്ട്."

"സ്വാമീ, എന്നെ ഈശ്വരനിൽനിന്നും വ്യത്യസ്ഥനാക്കുന്ന അതെന്താണ്? ഈശ്വരനിൽനിന്നും ഞാൻ വേറിട്ടയാളാണെന്ന് എനിക്ക് തോന്നിപ്പിക്കുന്നത് എന്താണ്?"

അപ്പോൾ അവിടുന്ന് പറഞ്ഞു, "ഈശ്വരന് ഉത്തമഗുണങ്ങൾ ആണുള്ളത്. നിങ്ങൾക്ക് ചേട്ട(അധമ)ഗുണങ്ങളും. ഈ ചേട്ട അഥവാ അധമഗുണങ്ങൾ നിങ്ങൾ ഒഴിവാക്കുമ്പോൾ

അന്തർലീനമായ ഉത്തമഗുണങ്ങൾ സ്ഥാനം പിടിക്കും. അപ്പോൾ നിങ്ങൾ ആന്തരദിവ്യത്വം അറിയും.''

എന്റെ പോരായ്മകൾ തിരിച്ചറിയാനുള്ള നേരമായി എന്ന് അപ്പോൾ എനിക്ക് മനസ്സിലായി.

## വ്യക്തിധർമ്മവും സാമൂഹധർമ്മവും

''സ്വാമീ, വ്യക്തിധർമ്മം എന്താണ്, സമൂഹധർമ്മം എന്താണ്? ഇതുരണ്ടും ഒന്നുതന്നെയാണോ? എന്താണ് വൈയക്തികധർമ്മം?''

ധർമ്മം എന്നാൽ നിയമപദ്ധതി-ജീവിതപദ്ധതി, പെരുമാറ്റപദ്ധതി, ജീവിതനിലവാരം. സ്വാമി പറഞ്ഞു, ''ശാന്തി, സഹിഷ്ണുത, സത്യം, കരുണ, ത്യാഗം-ഇവയാണ് വ്യക്തി ധർമ്മം അഥവാ മാനവധർമ്മം രൂപവത്കരിക്കുന്ന ഗുണങ്ങൾ അഥവാ ഘടകങ്ങൾ-ഒരു മനുഷ്യജീവിയുടെ ധർമ്മപദ്ധതി.''

''അപ്പോൾ, സ്വാമീ, സമൂഹധർമ്മമോ? ശാന്തി എന്റെ ധർമ്മം ആണെങ്കിൽ, വിദ്വേഷം സമൂഹത്തിന്റെ ധർമ്മമാണോ? എന്റെ ചോദ്യം അവിടുന്നിന് മനസ്സിലായോ? വ്യക്തിയുടെ ധർമ്മവും സമൂഹത്തിന്റെ ധർമ്മവും തമ്മിലുള്ള വ്യത്യാസം എന്താണ്?''

ഇത് ഗൗരവമുള്ളതായി തോന്നിയേക്കാം, പക്ഷേ ആരും ഈ കാര്യം ചർച്ച ചെയ്തിട്ടില്ല. ആവശ്യത്തിന് പുസ്തകങ്ങളിലൂടെ നാം കടന്നുപോയിട്ടുണ്ട്, ധാരാളം പ്രധാന വ്യക്തികളുടെ പ്രസംഗങ്ങൾ കേട്ടിട്ടുണ്ട്, എന്നാൽ സൂക്ഷ്മവിവേചനം ചെയ്യേണ്ട ഇത്തരം കാര്യങ്ങൾ ഇത്ര സുവ്യക്തമായും സരളമായും സ്പഷ്ടമായും ആരും വിശദീകരിക്കാറില്ല.

ഞാൻ ചോദ്യം വീണ്ടും ആവർത്തിച്ചു. ഇത് ഒരു അദ്ധ്യാപകന്റെ ദൗർബല്യമാണ്. നിങ്ങളുടെ ക്ഷമ ചോദിക്കട്ടെ. (ചിരി) ''വ്യക്തിയുടെ ധർമ്മവും സമൂഹത്തിന്റെ ധർമ്മവും തമ്മിലുള്ള വ്യത്യാസം എന്താണ്?''

സ്വാമി പറഞ്ഞു, ''വ്യക്തിധർമ്മം എന്നത് മാനവമൂല്യങ്ങളാണ്. നിങ്ങൾക്കായി ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെന്തോ അത് അന്യർക്കായി സമൂഹത്തിന് ചെയ്യുന്നതാണ് സമൂഹധർമ്മം. അന്യർ നിങ്ങൾക്കായി ചെയ്യേണ്ടതെന്തോ, അത് അന്യർക്കായി ചെയ്യുക. നിങ്ങൾക്ക് നല്ലതാവുന്നതൊക്കെ മറ്റുള്ളവർക്കും നല്ലതുതന്നെയാവും. നിങ്ങളെ മുറിപ്പെടുത്തുന്നതെന്തും അന്യരെയും വ്രണപ്പെടുത്തുന്നതാവും. നിങ്ങളെ സന്തോഷിപ്പിക്കുന്നതെന്തും അന്യരെയും സന്തോഷിപ്പിക്കുന്നതാവും. അതിനാൽ, സമൂഹം നിങ്ങളോട് എങ്ങനെ പെരുമാറണമെന്നാണോ നിങ്ങൾ ഇഷ്ടപ്പെടുന്നത്, ആ തരത്തിൽ സമൂഹത്തോട് പെരുമാറുന്നതാണ് സമൂഹധർമ്മം. വ്യക്തമായോ?''

ശരിതന്നെ. പക്ഷേ, ഇത് സംഭവിക്കുന്നില്ല. ആളുകൾക്കിടയിൽ ധാരാളം വിഭാഗീയതകളാണ് ഞങ്ങൾ കണ്ടുവരുന്നത്.

അപ്പോൾ ഞാൻ പറഞ്ഞു, ''സ്വാമീ, ഭഗവാനിൽനിന്ന് ഇതൊക്കെ കേൾക്കാൻ എത്ര രസമാണ്. അവിടുന്ന് സംസാരിക്കുന്നത് ഞങ്ങൾ എപ്പോളും ഇരുന്നുകൊണ്ട് കേൾക്കുമ്പോൾ, അതിശയകരമായ കാര്യം അവിടുന്ന് നിൽക്കുകയാണെന്നതാണ്. എന്നോട് ക്ഷമിച്ചാലും സ്വാമീ, ദയവായി ഇരുന്നാലും.''

അവിടുന്നരുളി, ''എനിക്ക് ക്ഷീണമില്ല. ഇത് എന്നെ അലോസരപ്പെടുത്തുന്നുവെന്ന് നിങ്ങൾക്ക് തോന്നാം. അതെനിക്ക് ഒരു ബുദ്ധിമുട്ടല്ല. ഇത്തരം കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നത് എനിക്കിഷ്ടമാണ്. ഇതൊക്കെ പഠിപ്പിക്കുന്നത് എനിക്കിഷ്ടമാണ്. ഞാനിത് ഇഷ്ടപ്പെടുന്നു.''

പിന്നെ സ്വാമി പറഞ്ഞു, ''നിങ്ങളുടെ ശരിയായ പ്രകൃതം ഗ്രഹിക്കുക. നിങ്ങളുടെ നേർസ്വത്വം നിങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ, മറ്റെല്ലാം താനേ മനസ്സിലാവും. നിങ്ങളുടെ ആത്മസത്ത നിങ്ങൾ മനസ്സിലാക്കാത്തതുകൊണ്ടാണ് മറ്റുള്ളതൊക്കെ നിങ്ങൾ തെറ്റിദ്ധരിക്കുന്നത്. നിങ്ങൾക്ക് നിങ്ങളുടെ ശരിയായ പ്രകൃതം അറിയാത്തതിനാൽ മറ്റൊന്നും അറിയാനാവില്ല. അതാണ് ഇക്കാലത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്.''

ഈ സന്ദർഭത്തിൽ ഇപ്രകാരമാണ് ഭഗവാൻ അരുളിയത്.

ഇന്നത്തേക്ക് മതിയാക്കി അടുത്ത തവണ തുടരാമെന്ന് ഞാൻ കരുതുന്നു. നിങ്ങൾക്ക് വളരെ നന്ദി.

(സായി നാരായണാ, നാരായണാ...എന്ന ഭജനയോടെ അനിൽകുമാർ അവിടുത്തെ സത്സംഗം അവസാനിപ്പിച്ചു)

ഓം ശാന്തി: ശാന്തി: ശാന്തി:

ജയ് ബോലോ ഭഗവാൻ ശ്രീ സത്യസായിബാബ കീ ജയ്!



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)